LIBRARY ARCHIVES Kerala Legislative Assembly

എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പ്

38(2891) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുകകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏങ്കിൽ പ്രസ്തുത സ്കോളർഷിപ്പ് തുകകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുകകൾ യഥാക്രമം 200, 300 എന്നീ ക്രമത്തിൽ 14-9-2015-ലെ ജി.ഒ.(എംഎസ്.)നമ്പർ 236/2015/പൊ.വി. ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

ഹയർസെക്കണ്ടറി മലയാളം അദ്ധ്യാപക തസ്തിക

39(2893) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 നവംബർ 30 വരെ എത്ര എച്ച്.എസ്.എസ്.ടി. മലയാളം സീനിയർ തസ്തിക ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എച്ച്.എസ്.എസ്.ടി. മലയാളം സീനിയർ തസ്തികയിൽ എത്ര ഗസ്റ്റ് ലക്ചറർമാർ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2015-ൽ എത്ര എച്ച്.എസ്.എസ്.ടി. മലയാളം അദ്ധ്യാപകരെ പി. എസ്. സി. വഴി നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) 2010 മുതൽ 2013 വരെ അനുവദിക്കപ്പെട്ട സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര എച്ച്.എസ്.എസ്.ടി ജൂനിയർ മലയാളം തസ്തികകൾ സൃഷ്ടിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) 2014 മുതൽ അനുവദിക്കപ്പെട്ട സ്കൂളുകളിലും അധിക ബാച്ചുകളിലും എച്ച്.എസ്.എസ്.ടി. മലയാളം ജൂനിയർ അദ്ധ്യാപകരുടെ എത്ര തസ്തികകൾ സൃഷ്ടിക്കാനുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 21.

(ബി) ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത് ബന്ധപ്പെട്ട പ്രിൻസിപ്പൽമാരാണ്. ആയതിനാൽ ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം സർക്കാരിൽ ലഭ്യമല്ല.

(സി) 1.

(ഡി) 2010 മുതൽ 2013 വരെ സർക്കാർ മേഖലയിൽ പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടില്ല.

(ഇ) 2014 മുതൽ അനുവദിക്കപ്പെട്ട സ്കൂളുകളിലെയും ബാച്ചുകളിലേയും തസ്തിക നിർണ്ണയ നടപടികൾ പുരോഗമിച്ചുവരുന്നു.

ഹയർസെക്കണ്ടറി സ്കൂൾ അധ്യാപക നിയമനം

40(2894) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2015 വരെ സർക്കാർ മേഖലയിൽ അനുവദിച്ച പ്ലസ് ടു അധിക ബാച്ചുകളിലേയ്ക്ക് തസ്തിക സൃഷ്ടിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എച്ച്.എസ്. എസ്. ഹിസ്റ്ററി വിഷയത്തിന് എത്ര അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ 2015 വരെ അനുവദിച്ച അധിക ബാച്ചുകൾക്ക് തസ്തിക സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2011 മുതൽ 2013 വരെ സർക്കാർ മേഖലയിൽ അനുവദിച്ച പ്ലസ് ടു അധിക ബാച്ചുകളിലേക്ക് തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. 2014-ൽ പുതുതായി അനുവദിച്ച സ്കൂളുകളിലേക്കും അധിക ബാച്ചിലേക്കുമുള്ള തസ്തിക നിർണ്ണയ നടപടികൾ പുരോഗമിച്ചുവരുന്നു. തസ്തിക നിർണ്ണയം പൂർത്തിയായതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

GPM. 2/241/2020-14

LIBRARY ARCHIVES Kerala Legislative Assembly